(ബി) എഴുത്തുപരീക്ഷയും ഇന്റർവ്യൂവും കഴിഞ്ഞശേഷം തയ്യാറാക്കാമായിരുന്ന എത്ര റാങ്കുലിസ്റ്റുകളുടെ പ്രസിദ്ധീകരണം നിർത്തിവയ്ക്കപ്പെട്ടുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(സി) നിലവിൽ വിവിധ വകുപ്പുകളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഏതെല്ലാം തസ്തികകളിലുള്ള എത്ര ഒഴിവുകളുണ്ടെന്നറിയിക്കുമോ ;

(ഡി) നിയമന നിരോധനകാലത്തിന് തുല്യമായ കാലത്തേയ്ക്ക് നിലവിലുള്ളതും കാലാവധി അവസാനിച്ചതുമായ റാങ്ക്‌ലിസ്റ്റുകളുടെ പ്രാബല്യകാലം ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം പി.എസ്.സി.യിൽ നിന്നും ശേഖരിച്ചുവരുന്നു.

(ഡി) നിലവിലുള്ള റാങ്കുലിസ്റ്റുകളുടെ കാലാവധി മൂന്ന് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുവാൻ പി.എസ്.സി.യോട് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽത്തട്ട് നിർണ്ണയപ്രശ്നംമൂലം തടയപ്പെട്ട പി.എസ്.സി നിയമനങ്ങൾ

40 (40) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേൽത്തട്ട് മാനദണ്ഡം പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ സുപ്രീംകോടതി വിധിക്കുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) സുപ്രീംകോടതി വിധി ഉണ്ടായതിനുശേഷം സംസ്ഥാന പി.എസ്.സി വഴി നടത്തുന്ന നിയമനങ്ങൾക്ക് താൽക്കാലികമായി വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഉദ്യോഗാർത്ഥികൾക്ക് ഇത് ദോഷം ചെയ്യാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സുപ്രീംകോടതി വിധിയെത്തുടർന്ന് പി.എസ്.സി നിയമനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയ കാലയളവിൽ കാലാവധി അവസാനിച്ച് റാങ്ക് ലിസ്റ്റുകളെ സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സുപ്രീംകോടതി വിധിയിലെ നിരീക്ഷണങ്ങൾക്ക് അനുരോധമായി പിന്നോക്ക സമുദായങ്ങൾക്ക് നൽകാവുന്ന പരമാവധി ആനുകൂല്യം നിർദ്ദേശിക്കാൻ റിട്ടയേർഡ് ജസ്റ്റീസ് കെ. കെ. നരേന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. കമ്മീഷന്റെ ആവശ്യപ്രകാരം ഒരു മാസത്തെ

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി രണ്ടുമാസം കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ സമുദായങ്ങൾക്ക് ഇതിനകം ലഭ്യമായിട്ടുള്ള ഉദ്യോഗപ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ. ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള ഒരു മൂന്നംഗ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 17-12-1999ലെ 18538/അഡ്വെ. സി3/99/പി. ആന്റ് എ.ആർ.ഡി നമ്പർ സർക്കുലർ പ്രകാരം നിയമന നിരോധനം ഏർപ്പെടുത്തിയിരുന്നു.

(സി&ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധി മൂന്നുമാസത്തേക്ക് നീട്ടുവാൻ പി.എസ്.സി.യോട് ശുപാർശ ചെയ്തിട്ടുണ്ട്. മാത്രവുമല്ല സർക്കാരിന്റെ ജി.ഒ.(പി.) 15/2000 എസ്.സി/എസ്.ടി.ഡി.ഡി. നമ്പരിൽ 16-2-2000-ലെ ഉത്തരവ് പ്രകാരം നിയമന നിരോധനം പിൻവലിച്ചിട്ടുണ്ട്.

മേൽത്തട്ട് സംബന്ധിച്ച് സുപ്രീംകോടതി ഉത്തരവ്

41 (41) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേൽത്തട്ട് സംബന്ധിച്ച് സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിയമനം കാത്തുകഴിയുന്ന ഉദ്യോഗാർത്ഥികളുടെ ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽത്തട്ട് പ്രശ്നത്തിൽ ഗവൺമെന്റിന്റെ നിലപാട് ആരാഞ്ഞുകൊണ്ട് പി.എസ്.സിയിൽ നിന്നും ഗവൺമെന്റിന് എന്തെങ്കിലും കത്ത് ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) സുപ്രീംകോടതി ഉത്തരവിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പിന്നോക്ക സമുദായങ്ങൾക്ക് പരമാവധി ആനുകൂല്യം നിർദ്ദേശിക്കാൻ റിട്ടയേർഡ് ജസ്റ്റീസ് കെ. കെ. നരേന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവായി. സർക്കാർ അർദ്ധസർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പിന്നോക്ക സമുദായങ്ങൾക്ക് ഇതിനകം ലഭ്യമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly